## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

**പ്രവചന കാലയളവ് 26.04.2024 മുതൽ 30.04.2024 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 17/2024, (34) വ്യാഴാഴ്ച്ച | തീയ്യതി 25/04/2024 |
|---|---|

| കഴിഞ്ഞ ആഴ്ചയിൽ അനുഭവപ്പെട്ട കാലാവസ്ഥ (2024 ഏപ്രിൽ 19 മുതൽ 2024 ഏപ്രിൽ 25 വരെ) | | | | | | | കാലാവസ്ഥാ ഘടകങ്ങൾ | | കാലാവസ്ഥാ പ്രവചനം (2024 ഏപ്രിൽ 26 മുതൽ ഏപ്രിൽ 30 വരെ) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 19/04 | 20/04 | 21/04 | 22/04 | 23/04 | 24/04 | 25/04 | തീയ്യതി | | 26/04 | 27/04 | 28/04 | 29/04 | 30/04 |
| 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | 0.0 | മഴ (മില്ലീമീറ്റർ) | | 0.4 | 0 | 0 | 0 | 0 |
| 36.5 | 36.9 | 35.9 | 37.4 | 37.3 | 37.6 | 36.5 | ഉയർന്ന താപനില (°C) | | 39 | 39 | 39 | 39 | 39 |
| 27.4 | 27.3 | 26.7 | 27.1 | 26.6 | 27.4 | 26.6 | കുറഞ്ഞ താപനില (°C) | | 27 | 27 | 27 | 27 | 27 |
| Partially cloudy | Partially cloudy | Partially cloudy | Partially cloudy | Cloudy | Cloudy | Cloudy | AM | Cloudy | Overcast | Cloudy | Cloudy | Cloudy | Overcast |
| Cloudy | Cloudy | Partially cloudy | Partially cloudy | Partially cloudy | Cloudy | | PM | | | | | | |
| 77 | 87 | 86 | 85 | 83 | 85 | 83 | കൂടിയ അന്തരീക്ഷ ആർദ്രത (%) | | 75 | 75 | 75 | 75 | 75 |
| 59 | 53 | 55 | 51 | 63 | 58 | | കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | | 62 | 62 | 62 | 62 | 62 |
| 2.5 | 2.5 | 2.3 | 2.5 | 2.5 | 2.5 | 2.0 | കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | | 2 | 4 | 4 | 2 | 2 |
| C | C | C | C | C | C | C | AM | കാറ്റിന്റെ ദിശ (ഡിഗ്രി ) | SW | W | WNW | W | WSW |
| WNW | WNW | SSE | SSW | SSW | SSW | | PM | | | | | | |

| കഴിഞ്ഞ ആഴ്ച്ചയിലെ മഴ (മില്ലീമീറ്റർ) | 01/01/2024 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) | 01/03/24 മുതൽ ഇന്നുവരെയുള്ള മഴ (മില്ലീമീറ്റർ) |
|---|---|---|
| 0.0 | 139.5 | 7.3 |

കാലാവസ്ഥാ അറിയിപ്പ്: 2024 ഏപ്രിൽ 25 മുതൽ 29 വരെ തൃശ്ശൂർ ജില്ലയിൽ കൂടിയ താപനില ഏകദേശം 39 °C ആയിരിക്കാൻ സാധ്യതയുണ്ട്.

IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

### വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ:** വേനൽചൂടിൽനിന്നും ജനങ്ങളെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാതിരിക്കാൻ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ടം ഒരുപരിധിവരെ കുറയ്ക്കാം.

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പുഞ്ച) കൊയ്ത്ത് പരുവം | - | പുഞ്ച കൃഷി കൊയ്ത്ത് പരുവത്തിലാണ്. മൂപ്പെത്തിയ നെല്പാടങ്ങളിൽ കൊയ്ത്ത് നടത്താവുന്നതാണ്. |
| തെങ്ങ് | - | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ, തെങ്ങുകൾക്ക് ആവശ്യത്തിന് ജലസേചനം നൽകുക. തെങ്ങിൻ തടങ്ങളിൽ ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ ഉണങ്ങിയതോ ആയ ചകിരി ഇട്ടു മൂടുന്നത് നല്ലതാണ്. ശക്തമായ ചൂടിൽ നിന്നും തെങ്ങിനെ സംരക്ഷിക്കുന്നതിനായി തടിയുടെ താഴത്തെ ഭാഗത്ത് കുമ്മായം പൂശിക്കൊടുക്കുന്നത് നല്ലതാണ്. |
| മുളക് | മണ്ഡരി- | ചൂടുകൂടിയ അന്തരീഷസ്ഥിതി തുടരുന്നകാരണം മുളകിൽ മണ്ഡരിയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇത് നിയന്ത്രിക്കാനായി സ്പൈറോമെസിഫിൻ 8 മില്ലി 10 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക . |
| ഇഞ്ചി, മഞ്ഞൾ | നടീൽ സമയം | ഇഞ്ചി, മഞ്ഞൾ എന്നിവ നടാനായിട്ട് നിലം ഒരുക്കുന്ന സമയത്ത് ഒരു സെന്റിന് രണ്ടു മുതൽ മൂന്ന് കിലോ വരെ കുമ്മായം ഇട്ടുകൊടുക്കാവുന്നതാണ്. മൂട് ചീയൽ രോഗം തടയുന്നതിന് മുൻകരുതലായി ഇഞ്ചി വിത്തും, മഞ്ഞൾ വിത്തും 3 ഗ്രാം മാങ്കോസെബ് അല്ലെങ്കിൽ സ്യൂഡോമോണാസ് ഒരു ലിറ്റർ ലായനിയിൽ 30 മിനിറ്റ് മുക്കിവെച്ച ശേഷം നടുക. 90 കിലോ ചാണകപ്പൊടി ഒരു കിലോ ട്രൈക്കോഡർമയുമായി കൂട്ടികലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ച തണലത്ത് വെച്ച ശേഷം ഇട്ടുകൊടുക്കുക. |

മൃഗസംരക്ഷണം-: കന്നുകാലിത്തൊഴുത്തിൽ വായുസഞ്ചാരം കൂട്ടുന്നതിന് വശങ്ങൾ തുറന്നുവയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരം കൂട്ടുന്നതും നല്ലതാണ്. (CAADECCS, KVASU, Mannuthy).